www.malankaralibrary.com

**ഫ്രത്തേലി തൂത്തിയും സാമൂഹിക ഐക്യവും**

**ഡോ. കെ.എം. ഫ്രാൻസിസ്**

ഫ്രാൻസീസ് മാർപ്പാപ്പായുടെ ഫ്രത്തേലി തൂത്തി എന്ന സാമൂഹിക ചാക്രിക ലേഖനം അകത്തോലിക്കാ ലോകത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഗ്രന്ഥമാണ്. നാം സോദരർ എന്നാണ് ഫ്രത്തേലി തൂത്തി എന്ന ഇറ്റാലിയൻ പദത്തിന്റെ അർത്ഥം. ഈ ലേഖനം സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളുടെ ഏറ്റവും പുതിയ കണ്ണിയാണ്.

**എന്താണ് സഭയുടെ സാമൂഹിക പ്രബോധനങ്ങൾ?**

ദൈവവിശ്വാസത്തിന് സാമൂഹിക ജീവിതവുമായുള്ള ബന്ധമെന്ത് എന്നത് നൂറ്റാണ്ടുകളുടെ പഴക്കമുള്ള ചോദ്യമാണ്. മനുഷ്യവർഗ്ഗത്തിന്റെ ആരംഭത്തിൽ ദൈവവിശ്വാസവും സാമൂഹിക ജീവിതവും തമ്മിലുള്ള ബന്ധം മനുഷ്യൻ മനസ്സിലാക്കിയിരുന്നില്ല. ഈ പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയുടെ കാരണക്കാരനും പ്രപഞ്ചത്തിനേക്കാൾ വലിയവനുമായ ഒരു വ്യക്തിയുണ്ടെന്ന് മാത്രമായിരുന്നു ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ പ്രാഥമിക ജ്ഞാനം. എന്നാൽ ഈ ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള മനുഷ്യന്റെ അറിവ് നൂറ്റാണ്ടുകളിലൂടെ മനുഷ്യൻ മനസ്സിലാക്കുന്നു. കത്തോലിക്കാസഭയുടെ വിശ്വാസമനുസരിച്ച് യേശുക്രിസ്തുവിൽ ദൈവമാരാണെന്നുള്ള വെളിപാട് പൂർണ്ണമാണ്. എന്നാൽ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സഭയുടെ അറിവ് ഇനിയും പൂർണ്ണമല്ല. ചരിത്രത്തിലൂടെ ക്രമാനുഗതമായാണ് നാം യേശുക്രിസ്തുവിനെ പൂർണ്ണമായി അറിയുക (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 66). വിശ്വാസികളുടെ സമൂഹം ക്രിസ്തുവിന്റെ ജീവിതത്തെ അനുകരിച്ചുകൊണ്ട് ചരിത്രത്തിലെ പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോൾ പുതിയ വെളിപ്പെടുത്തലുകൾ മനുഷ്യവർഗ്ഗത്തിന് ലഭിക്കുന്നു.

സാമൂഹിക ജീവിതത്തിന്റെ അടിത്തറ ദൈവാരാധനയാണെന്ന് മനസ്സിലാക്കിയവരാണ് ബാബിലോണിയൻ ജനത. അവരാണ് ഇന്ന് ലഭ്യമായ തെളിവുകൾ വച്ച് സാമൂഹികജീവിതത്തിന് നിയമസംഹിത ആവശ്യമാണെന്ന് കണ്ടെത്തിയത്. ബാബിലോൺ രാജാവായ ഹമ്മുറാബിയുടെ കൽപ്പനകൾ അവർ കല്ലിലെഴുതി രാജ്യത്തിന്റെ പല ഭാഗത്ത് പ്രതിഷ്ഠിച്ചു. പ്രസ്തുത കൽപ്പനകളിൽ നിന്ന് ചിലത് തെരഞ്ഞെടുത്താണ് പത്തു കൽപ്പനകൾ യഹൂദന്മാർ രൂപപ്പെടുത്തിയത്. ഹമ്മുറാബിയുടെ കൽപ്പനകളാണ് യഹൂദന്മാരുടെ പത്ത് കൽപ്പനകളെങ്കിൽ യഹൂദന്മാർക്ക് ബാബിലോണിയൻ ജനതയേക്കാൾ എന്ത് മേന്മയാണുള്ളത്? പത്ത് കൽപ്പനകളുടെ ഘടന പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും. പത്തു കൽപ്പനകളിൽ ആദ്യത്തെ നാലു കൽപ്പന ദൈവവുമായുള്ള ബന്ധമാണ്. രണ്ടാമത്തെ ആറു കൽപ്പന മനുഷ്യരായുള്ള ബന്ധത്തെക്കുറിച്ചാണ് (സാമൂഹിക ജീവിതം). അങ്ങനെ ദൈവവിശ്വാസവും സാമൂഹികജീവിതവും തമ്മിലുള്ള ബന്ധം സ്ഥാപിക്കാൻ ശ്രമിച്ചു എന്നതാണ് യഹൂദന്റെ പ്രധാന സംഭാവന.

എന്നാൽ യേശുക്രിസ്തു പത്തു കൽപ്പനകൾക്കു പകരം ഏക കൽപ്പന നൽകി. ഈ കൽപ്പന യേശുവിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതാണ്. കൽപ്പന ഇപ്രകാരമാണ്, "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ." യേശു എങ്ങനെ സ്നേഹിച്ചുവെന്ന് കാൽവരിയിലെ കുരിശുമരണം ചൂണ്ടിക്കാണിക്കുന്നു. പത്ത് കൽപ്പനകളെ സംഗ്രഹിച്ച് യേശു ഇപ്രകാരം പറഞ്ഞു, "നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുക. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക." ഈ കൽപ്പനയിൽ മൂന്ന് ഭാഗമുണ്ട്. (a.) ദൈവസ്നേഹം, (b.) സ്വയംസ്നേഹം, (c.) സഹോദരസ്നേഹം.

ദൈവത്തെ സ്നേഹിക്കുക എന്നതാണ് ഭക്തി (spirituality). സ്വന്തം മനസ്സാക്ഷിയിൽ രേഖപ്പെടുത്തിയ കൽപ്പനകൾ അനുസരിക്കുക എന്നതാണ് ധാർമ്മികത (morality). സഹോദരനുവേണ്ടി ജീവൻ ബലിയർപ്പിക്കുക എന്നതാണ് നീതി (ethics). യേശുക്രിസ്തു എന്ന വ്യക്തിത്വത്തിൽ ഇവ മൂന്നും ഏകീഭവിച്ചിരിക്കുന്നു.

എന്നാൽ ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ സഭാജീവിതം പലപ്പോഴും ഭക്തിജീവിതമായി രൂപാന്തരപ്പെട്ടു. ഭക്തിജീവിതത്തെ ധാർമ്മികജീവിതവും നീതിജീവിതവുമായി ബന്ധിപ്പിച്ച് യേശുക്രിസ്തുവിനെ വ്യാഖ്യാനിക്കുന്നതിൽ സഭ പരാജയപ്പെട്ടു എന്ന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയും ഇക്കാര്യം മനസ്സിലാക്കാൻ സഭ വൈകിപ്പോയി എന്ന് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയും ഏറ്റുപറയുന്നു. (ജോൺപോൾ രണ്ടാമൻ, ചെന്തേസിമൂസ് ആനൂസ് P.5, ബെനഡിക്ട് പതിനാറാമൻ, ദൈവം സ്നേഹമാകുന്നു P. 27). 1891 ൽ റേരും നൊമാരും എന്ന ചാക്രികലേഖനത്തിലൂടെ ഭക്തിയും സാമൂഹികജീവിതവും തമ്മിലുള്ള അകൽച്ചയെ ഇല്ലാതാക്കാൻ ലിയോ XIII-ാമൻ പാപ്പ തുടക്കം കുറിച്ചു. പ്രസ്തുത ചാക്രികലേഖനത്തിന്റെ തുടർച്ചയായി വിശ്വാസവും സാമൂഹികജീവിതവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യാൻ മാർപ്പാപ്പമാർ പ്രസിദ്ധീകരിക്കുന്ന ചിന്തകളാണ് സഭയുടെ സാമൂഹിക പ്രബോധനങ്ങൾ.

**മനുഷ്യൻ : സാമൂഹിക ചാക്രികലേഖനങ്ങളുടെ വ്യാഖ്യാനകേന്ദ്രം**

വിശുദ്ധ ഗ്രന്ഥം നൽകുന്ന ദർശനമനുസരിച്ച് മനുഷ്യൻ ദൈവഛായയിലാണ് സൃഷ്ടിക്കപ്പെട്ടത്. ദൈവ

www.malankaralibrary.com

ഛായയുടെ സമ്പൂർണ്ണ പ്രകാശനമായിരുന്നു ആദാമും ഹവ്വയും. എന്നാൽ ദൈവനിഷേധത്തിലൂടെ അവർ അവർക്കുണ്ടായിരുന്ന ദൈവഛായ കളങ്കിതമാക്കി. അവരുടെ ദൈവഛായ കളങ്കിതമായി എന്നതിന്റെ അർത്ഥം അവർ മനുഷ്യരല്ലാതായി എന്നാണ്. ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തുവാണ് മനുഷ്യനാരാണെന്ന് മനുഷ്യന് വെളിപ്പെടുത്തുന്നത്. ആരാണ് മനുഷ്യൻ എന്ന ചോദ്യത്തിന് സഭ നൽകുന്ന ഉത്തരമാണ് യേശുക്രിസ്തു (സഭ ആധുനികലോകത്തിൽ, P. 22; കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം, 520).

യേശു മനുഷ്യനാണെന്ന് ഏറ്റുപറഞ്ഞാൽ കുരിശുമരണം വരെ സ്നേഹിക്കുക എന്നത് മനുഷ്യസ്വഭാവമാണെന്ന് മനുഷ്യൻ അംഗീകരിക്കേണ്ടി വരും. അതുകൊണ്ട് യേശു ദൈവമാണെന്ന് പ്രഘോഷിക്കാൻ ജനം ഇഷ്ടപ്പെടുന്നുവെന്നും യേശു മാതൃകാമനുഷ്യനാണെന്ന് പറയാൻ ജനം ഭയപ്പെടുന്നുവെന്നും ജോൺപോൾ രണ്ടാമൻ ചൂണ്ടിക്കാണിക്കുന്നു (ജോൺ പോൾ രണ്ടാമൻ, പ്രത്യാശയുടെ പടിവാതിൽക്കൽ, അധ്യായം ഒന്ന്).

**സ്നേഹത്തിന്റെ പുനർനിർവ്വചനം**

ഈ അപചയം സ്നേഹമെന്ന പദത്തെ നിർവ്വചിക്കുന്നതിൽ വലിയ അപൂർണ്ണതയിലേക്ക് നയിച്ചു. ഞാൻ എന്റെ അയൽക്കാരന് എന്റെ ജീവൻ നൽകണോ, എന്റെ സമ്പത്തിൽ നിന്ന് അൽപ്പം നൽകണോ എന്നതാണ് കാതലായ ചോദ്യം. സ്നേഹത്തിന്റെ ഗ്രീക്ക് വാക്ക് അഗാപ്പെ (Agape) എന്നാണ്. സ്നേഹത്തിന്റെ ലത്തീൻ വാക്ക് കാരിത്താസ് (Caritas) എന്നാണ്. ഈ രണ്ടു പദങ്ങളുടെയും അർത്ഥം സ്നേഹിതനു വേണ്ടി ജീവൻ നൽകുക എന്നതാണ്. ചാരിറ്റി എന്നാൽ എന്റെ വരുമാനത്തിന്റെ ദശാംശം കൊടുക്കുക എന്നതായി ചുരുങ്ങി. ഇക്കാര്യം മനസ്സിലാക്കിയ ബനഡിക്ട് പതിനാറാമൻ സ്നേഹത്തെ പുനർനിർവ്വചിക്കാൻ 'ദൈവം സ്നേഹമാകുന്നു,' 'സത്യത്തിൽ സ്നേഹം' എന്നീ രണ്ട് ചാക്രിക ലേഖനങ്ങൾ രചിച്ചു.

പ്രസ്തുത ലേഖനങ്ങളിൽ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുകയാണ് ക്രൈസ്തവജീവിതത്തിന്റെ ലക്ഷ്യമെന്ന് പ്രസ്താവിക്കുന്നു. യേശു പഠിപ്പിച്ച പ്രാർത്ഥനയിൽ നാം മനസ്സിലാക്കുന്നു, "അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകേണമേ." സത്യത്തിൽ സ്നേഹമെന്ന ഗ്രന്ഥത്തിൽ സ്നേഹത്തെ 'മിനിമം സ്നേഹം,' 'മാക്സിമം സ്നേഹം' എന്നീ രണ്ടു വാക്കുകളിൽ വ്യക്തമാക്കുന്നു. മിനിമം സ്നേഹമെന്നാൽ നീതിയെന്നാണ് അർത്ഥം. മാക്സിമം സ്നേഹമെന്നാൽ നീതിയേക്കാൾ ഉപരി മരണം വരെ അപരനുവേണ്ടി നൽകുക എന്നതാണ്. സഹോദരന് അർഹിക്കുന്ന 10 രൂപയിൽ 6 രൂപ നൽകി 2 രൂപ ദാനം ചെയ്ത് 2 രൂപ കൈവശം വയ്ക്കുന്നതിൽ സ്നേഹമില്ല. അവൻ 20 ശതമാനമാണ് നൽകുന്നത്. എങ്കിലും അത് അനീതിയാണ്, അതിനാൽ സ്നേഹമല്ല. പത്തുരൂപയാണ് അപരന് അർഹിക്കുന്നതെങ്കിൽ പത്തു രൂപ കൊടുക്കുന്നത് മിനിമം സ്നേഹം അഥവാ നീതി, പന്ത്രണ്ടു രൂപ കൊടുക്കുന്നത് സ്നേഹം.

ബനഡിക്ട് പാപ്പ തുടർന്നു, ഈ സ്നേഹം പൂർണ്ണമാകണമെങ്കിൽ സമൂഹത്തിലെ എല്ലാ വ്യക്തികൾക്കും നീതിയെങ്കിലും ഉറപ്പു വരുത്തണം. ഇത്തരത്തിൽ നീതി നിലനിർത്താൻ മനുഷ്യൻ സൃഷ്ടിച്ച സംവിധാനമാണ് രാഷ്ട്രം (state). അതുകൊണ്ട് രാഷ്ട്രീയത്തിൽ പ്രവർത്തിക്കുക എന്നത് സ്നേഹത്തിന്റെ ഉന്നതരൂപമാണ് (ബെനഡിക്ട് XVI, സത്യത്തിൽ സ്നേഹം 6, 7).

ഫ്രാൻസീസ് മാർപ്പാപ്പ വലിയ ഇടയന്റെ ശുശ്രൂഷ ഏറ്റെടുത്ത ആദ്യത്തെ ലേഖനത്തിൽ തന്റെ മുൻഗാമികളുടെ ചിന്തയുടെ തുടർച്ചയായി വിശ്വാസവെളിച്ചം എന്ന ലേഖനം പ്രസിദ്ധീകരിച്ചു. പ്രസ്തുത ലേഖനത്തിൽ മാർപ്പാപ്പ എഴുതി, വിശ്വാസമെന്നത് ദേവാലയങ്ങളുടെ അകം പ്രകാശിപ്പിക്കുന്ന യാഥാർത്ഥ്യം മാത്രമല്ല, പ്രത്യുത ലോകത്തിലെ ഭൗതികജീവിതത്തെ പ്രകാശിപ്പിക്കാനുള്ളതാണ് (ഫ്രാൻസീസ് മാർപ്പാപ്പ, വിശ്വാസവെളിച്ചം P. 57). സ്നേഹമെന്ന പദത്തെ പുനർനിർവ്വചിക്കാനുള്ള ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ ശ്രമത്തിന്റെ തുടർച്ചയാണ് 'നാം സോദരർ' എന്ന ചാക്രികലേഖനത്തിന്റെ ലക്ഷ്യം.

ലേഖനത്തിന്റെ ആമുഖത്തിൽ തന്നെ തന്റെ ലക്ഷ്യം സ്നേഹത്തെ പുനർനിർവ്വചിക്കാനാണ് എന്ന് മാർപ്പാപ്പ വ്യക്തമാക്കുന്നു. അയൽക്കാരനെ സ്നേഹിക്കുക, ശത്രുവിനോട് ക്ഷമിക്കുക എന്നീ ആശയങ്ങളെല്ലാം പഴയനിയമത്തിലും ലോകത്തിലെ മറ്റു ഗ്രന്ഥങ്ങളിലും കാണാം. സ്നേഹിക്കുന്നവനെയും ദ്രോഹിക്കുന്നവനെയും സ്നേഹിക്കുന്ന ദൈവത്തെക്കുറിച്ച് ഋഗ്വേദത്തിന്റെ ഒന്നാംഭാഗത്തിൽ പറയുന്നുണ്ട്. എന്നാൽ അയൽക്കാരനെ സ്നേഹിക്കുക എന്നതിലെ അയൽക്കാരൻ ആരാണ്? യഹൂദന് യഹൂദനാണ് സഹോദരൻ, ഇന്ത്യാക്കാരന് ഇന്ത്യാക്കാരൻ മാത്രമാണ് സഹോദരൻ എന്നാൽ യേശുക്രിസ്തുവിന് ലോകത്തിലെ എല്ലാ മനുഷ്യരും സഹോദരനാണ് (FT-1, FT-3, FT-6, FT 59-61). അതിരുകളില്ലാതെ എല്ലാവരെയും സ്നേഹിക്കുക എന്നതാണ് ക്രൈസ്തവസ്നേഹം.

www.malankaralibrary.com

**മനുഷ്യന്റെ മഹത്വം**

സ്നേഹത്തെ പുനർനിർവ്വചിക്കുന്നതിന്റെ കേന്ദ്രം മനുഷ്യന്റെ മഹത്വമാണ്. എന്താണ് മനുഷ്യന്റെ മഹത്വം (human dignity)? തത്വചിന്തകന്മാർ മനുഷ്യന്റെ സ്വത്വ (identity) ത്തെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. എന്നാൽ കത്തോലിക്കാ സഭ മനുഷ്യന്റെ മഹത്വത്തെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. പ്രകൃതിയിലെ മറ്റ് ജീവജാലങ്ങളും മനുഷ്യരും തമ്മിലുള്ള കേവലവ്യത്യാസമാണ് (absolute difference) സ്വത്വം. എന്നാൽ പുതിയ നിയമം മനുഷ്യനും ജീവജാലങ്ങളും തമ്മിലുള്ള വ്യത്യാസം തരത്തിലല്ല (not in kind) തലത്തിലുള്ളതാണ് (but in degree) എന്ന് ചൂണ്ടിക്കാണിക്കുന്നു.

ജീവജാലങ്ങളേക്കാളും കുരുവികളേക്കാളും മേന്മയുള്ളവരാണ് മനുഷ്യൻ. ഈ ചിന്തയനുസരിച്ച് പ്രകൃതിയും മനുഷ്യനും ഏക യാഥാർത്ഥ്യമാണ്. ഇന്ത്യൻ ചിന്ത 'ലോകമേ തറവാട്' 'വസുധൈവ കുടുംബകം' എന്നീ വാക്കുകളിലൂടെ പ്രകൃതിയുടെ ഭാഗമാണ് മനുഷ്യനെന്ന് പ്രഖ്യാപിക്കുന്നു. പ്രകൃതിയെന്ന മാതാവ് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മനുഷ്യനെ ക്രിസ്തുവിന്റെ ഛായയിൽ പ്രസവിച്ചിരിക്കുന്നു.

തത്വചിന്തകർ പ്രകൃതിയെയും മനുഷ്യനെയും വേർതിരിച്ചു. പിന്നീട് മനുഷ്യനെയും മനുഷ്യനെയും വിഭജിച്ചു. യഹൂദന് വിജാതീയൻ ഹീനജാതിക്കാരനായിരുന്നു(നടപടി 10:28). യഹൂദൻ /വിജാതീയൻ; വിശ്വാസി / അവിശ്വാസി (കാഫിർ); പുരോഹിതൻ / അത്മായൻ; മുതലാളി / തൊഴിലാളി; വെള്ളക്കാരൻ / കറുത്തവൻ; സ്ത്രീ / പുരുഷൻ എന്നിവയെ യാഥാർത്ഥ്യമായി പരിഗണിച്ചു. ഇവയെല്ലാം ജ്ഞാനശാസ്ത്രപരമായ വർഗ്ഗങ്ങളാണ് (epistemological categories). ജ്ഞാനശാസ്ത്രവർഗ്ഗങ്ങളെ യാഥാർത്ഥ്യമായി പരിഗണിക്കുകയും ഒരു വർഗ്ഗം മറ്റൊരു വർഗ്ഗത്തെ ഇല്ലായ്മ ചെയ്ത് അധികാരത്തിലെത്താൻ ശ്രമിക്കുന്ന കപടരാഷ്ട്രീയത്തെ 'നാം സോദരർ' അപലപിക്കുന്നു. വിഭജിച്ച് കീഴടക്കുക (divide and conquer) എന്നതാണ് ആധുനിക രാഷ്ട്രതന്ത്രമായി ചിലർ കാണുന്നത്. അധികാരത്തെ വിഭജിക്കുകയും ജനതയെ ഏകീകരിക്കുകയും ചെയ്തുകൊണ്ടാണ് ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കേണ്ടത്. അതിനുപകരം ജനതയെ വിഭജിച്ച് അധികാരത്തെ ഏകീകരിക്കുന്ന ഏകാധിപത്യത്തിലേക്ക് ലോകം പോകുന്നുണ്ടോയെന്ന് ഈ ലേഖനം ആശങ്ക പ്രകടിപ്പിക്കുന്നു (FT 12). നല്ല സമരിയാക്കാരന്റെ ഉപമയിലെ കള്ളൻ എന്നത് പൊതുമുതലിന്റെ കാവൽക്കാരനായ സുപ്രധാനസ്ഥാനം വഹിക്കുന്നവരെയാണ്. സമൂഹത്തിന്റെ അധികാരം ഉപയോഗിച്ച് സ്വന്തക്കാർക്കും ബന്ധുക്കൾക്കും സമ്പത്ത് വർദ്ധിപ്പിക്കുന്ന ഭരണാധികാരികളാണ് കള്ളന്മാർ (FT 63).

**സ്നേഹവും പൊതുനന്മയും**

സ്നേഹത്തെ നിർവ്വചിക്കുമ്പോൾ സഭയുടെ മുമ്പിലുള്ള മനുഷ്യന്റെ മഹത്വമാണെന്ന് നാം കണ്ടു. എന്താണ് മനുഷ്യന്റെ മഹത്വം? മറ്റു ജീവജാലങ്ങളേക്കാൾ ഉപരിയായി മനുഷ്യന് എന്താണ് ഉള്ളത്? ദൈവത്തിന്റെ ഛായയാണ് മനുഷ്യന്റെ മഹത്വം. മനുഷ്യനുള്ളിലെ ദൈവിക ബീജമാണ് ദൈവഛായ. ഈ ബീജം പൂർണ്ണവളർച്ചയെത്തിയാൽ യേശുക്രിസ്തുവാണ്. സഭയെ സംബന്ധിച്ച് ലോകത്തിലുള്ള എല്ലാവരും ഗ്രീക്കുകാരനും, യഹൂദനും, ഇന്ത്യാക്കാരനും, ജപ്പാൻകാരനുമെല്ലാം യേശുക്രിസ്തുവാണ്. കുഷ്ഠരോഗിയെ ആലിംഗനം ചെയ്ത് ചുംബിക്കുന്ന ഫ്രാൻസീസ് അസ്സീസിയുടെ മനസ്സാണത്.

യേശു വെളിപ്പെടുത്തിയ ദൈവഛായ ബന്ധമാണ് (relationship). ദൈവം മൂന്ന് വ്യക്തികൾ തമ്മിലുള്ള ബന്ധത്തിലൂടെ ഏകമാകുന്നതാണ്. ഈ ബന്ധമാണ് പ്രപഞ്ചത്തിന്റെ അടിത്തറ. ബന്ധത്തിലൂടെ ഏകയാഥാർത്ഥ്യമായി നിലനിൽക്കുന്ന പ്രപഞ്ചവും മനുഷ്യവർഗ്ഗവുമാണ് ക്രിസ്തുവിലൂടെ വെളിവാക്കപ്പെടുന്ന ലോകവീക്ഷണം (world view). പ്രപഞ്ചം മുഴുവൻ ബന്ധങ്ങളിലൂടെ ഏകയാഥാർത്ഥ്യമായി നിലനിൽക്കുന്നു. ബന്ധങ്ങൾ സൃഷ്ടിക്കുന്നത് പരിശുദ്ധാത്മാവാണ്. പിതാവായ ദൈവം പുത്രനായ ക്രിസ്തുവുമായി പരിശുദ്ധാത്മാവിലൂടെ നിലനിർത്തുന്ന ബന്ധമാണ് വിശുദ്ധി. പിതാവായ ദൈവം പുത്രനായ ക്രിസ്തുവിലൂടെ പ്രപഞ്ചവുമായി നിലനിർത്തുന്ന ബന്ധത്തിലൂടെ പ്രപഞ്ചം ദൈവികമേഖലയായി (divine milieu) നിലനിൽക്കുന്നു. ഈ ബന്ധത്തെ നിലനിർത്തുക, വളർത്തുക എന്നതാണ് ദൈവവിളി. ഈ ദൈവവിളിയാണ് സ്നേഹം. പൊതുനന്മയ്ക്കാവശ്യമായതെന്തും സത്യത്തിന് വിധേയമായി പ്രവർത്തിക്കുക എന്നതാണ് സ്നേഹം.

**സ്നേഹവും സാമൂഹിക ഐക്യവും**

മനുഷ്യന് ദൈവഛായയാണെന്ന പ്രസ്താവനയിൽ മനുഷ്യൻ ത്രിത്വമാണെന്ന ധ്വനിയുണ്ട്. മനുഷ്യൻ വ്യക്തിയാണോ? സാമൂഹികനാണോ? സാമൂഹിക ജീവിതം വ്യക്തിജീവിതത്തിന്റെ മേൽ കൂട്ടിച്ചേർക്കപ്പെടുന്ന ബാഹ്യമായ യാഥാർത്ഥ്യമാണോ? അതോ മനുഷ്യന്റെ വ്യക്തിത്വത്തിന്റെ അവിഭാജ്യഭാഗമാണോ? വി. പൗലോസ് സമൂഹത്തെ ഏകശരീരമായി കാണുന്നു. വിരലിന്മേലുണ്ടാകുന്ന അർബുദം മുഴുവൻ ശരീരത്തിന്റെ നാശത്തിലേക്കു നയിക്കും. അതുപോലെ ലോകത്തിൽ ഏതെങ്കിലും ഒരു വ്യക്തി ദരിദ്രനാണെങ്കിൽ അത് സ്വന്തം ശരീരത്തിന്റെ വേദനയായി അനുഭവിക്കുന്ന സാമൂഹിക ദർശനമാണ് വി. പൗലോസ്

www.malankaralibrary.com

നൽകുന്നത്. പ്രസ്തുത വികാരത്തെ 'കരയുന്നവനോടു കൂടി കരയുക, ചുരുക്കുന്നവനോടു കൂടി ചിരിക്കുക' എന്ന അനുഭവമാണ്. പ്രസ്തുത അനുഭവത്തെ സാമൂഹിക ഐക്യം (solidarity) എന്ന് വിളിക്കുന്നു.

എന്നാൽ പാപം മനുഷ്യാസ്തിത്വത്തിലുണ്ടാക്കിയ വിള്ളൽ മനുഷ്യന്റെ ചിന്തയിലും സൃഷ്ടിച്ചിട്ടുണ്ട്. മുതലാളിത്വവ്യവസ്ഥിതി ഉന്നയിക്കുന്ന മനുഷ്യൻ വ്യക്തി മാത്രമാണെന്ന് ഉന്നയിക്കുന്ന വ്യക്തിമാത്രവാദത്തെയും (individualism) വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ദൈവമായി കാണുന്ന സ്വാതന്ത്ര്യവാദത്തെയും ഈ ലേഖനം അപലപിക്കുന്നു (FT 182, 183).

ഞാൻ, എന്റെ വീട്, എന്റെ ഇടവക, എന്റെ പ്രദേശം എന്നതിനപ്പുറം മറ്റൊരു ലോകത്തെ കാണാത്തതിനെ നാർസ്സിസിസം എന്ന മനോരോഗമായി ലേഖനം ചൂണ്ടിക്കാണിക്കുന്നു (FT 146). ഇതിന് ബദലായി ഇടതുപക്ഷം ഉന്നയിക്കുന്ന സാമൂഹികമാത്രവാദത്തെയും (Collectivism) മാർപ്പാപ്പ വിമർശിക്കുന്നു. എന്നാൽ വ്യക്തിയുടെ സ്വാതന്ത്ര്യവും സമൂഹത്തിന്റെ ഐക്യവും ഒരുമിച്ച് നിലനിൽക്കുന്ന സാമൂഹിക, രാഷ്ട്രീയ വ്യവസ്ഥിതി ഈ ലേഖനം ചൂണ്ടിക്കാണിക്കുന്നു. ഒരുവൻ അവനവന്റെ വ്യക്തിസ്വാതന്ത്ര്യത്തിന് വേണ്ടി ചെയ്യുന്ന എല്ലാ പ്രവൃത്തികളും സമൂഹത്തിന്റെ ഉത്ക്കർഷത്തിന് ഉതകണം. ശ്രീനാരായണഗുരുവിന്റെ വാക്കുകളിൽ, "അവനവനാത്മസുഖത്തിനാചരിക്കുന്നതപരനു സുഖത്തിനായ് വരേണം." എന്നാൽ വ്യക്തിയുടെ പ്രവൃത്തിയും സമൂഹത്തിന്റെ ഐശ്വര്യവും എന്ന ബന്ധത്തിന് മുറിവേറ്റിരിക്കുന്നു (FT 31).

**സാമൂഹിക ഐക്യത്തിന്റെ രാഷ്ട്രീയം**

ഒരുവന്റെ സ്വാതന്ത്ര്യം പൂർണ്ണമാകണമെങ്കിൽ മുഴുവൻ സമൂഹത്തിന്റെയും പ്രകൃതിയുടെയും നിലനിൽപ്പും വളർച്ചയും ഉറപ്പുവരുത്തണം എന്ന അടിസ്ഥാനപ്രമേയമാണ് ഈ ചാക്രികലേഖനത്തിന്റെ അന്ത:സത്ത.

ആധുനിക സാമ്പത്തിക ശാസ്ത്രമനുസരിച്ച് രാഷ്ട്രത്തിന്റെ സമ്പത്ത് വർദ്ധിച്ചാൽ സ്വാഭാവികമായി രാഷ്ട്രത്തിലെ ദാരിദ്ര്യം ഇല്ലാതാകും. എന്നാൽ ഈ സിദ്ധാന്തത്തെ ട്രിക്കിൾ ഡൗൺ ഇഫക്ട് എന്ന് വിളിക്കുന്നു. തെങ്ങിൻതോപ്പിൽ ജലസേചനമാർഗ്ഗമുപയോഗിച്ച് വെള്ളം നൽകുമ്പോൾ തെങ്ങിൻതടത്തിലുള്ള ചീരയ്ക്ക് ജലം ലഭിക്കുന്നതുപോലെ രാഷ്ട്രത്തിൽ മൊത്തം ദേശീയ വരുമാനം വർദ്ധിക്കുമ്പോൾ ദരിദ്രനും ഓഹരി ലഭിക്കുന്നുവെന്ന സിദ്ധാന്തമാണ് ട്രിക്കിൾ ഡൗൺ ഇഫക്ട്. ഇത് തെറ്റാണെന്ന് മാർപ്പാപ്പ പറയുന്നു (FT 168).

രാഷ്ട്രീയ നേതൃത്വം സാമ്പത്തിക നേതൃത്വത്തിന്റെ അടിമകളാകരുത്. അപ്രകാരം സംഭവിച്ചാൽ ജനം ഉദ്യോഗസ്ഥ ഭരണത്തിന്റെ കീഴിലാകും (FT 177). അതുകൊണ്ട് രാഷ്ട്രീയ നേതൃത്വം പൊതുസമ്പത്ത് ദരിദ്രർക്ക് വിതരണം ചെയ്യപ്പെടുന്ന രീതിയിൽ നിയമങ്ങൾ നിർമ്മിക്കുമ്പോൾ മൊത്തം സമൂഹത്തിന് ശാന്തിയുണ്ടാകും.